LIBRARY ARCHIVES Kerala Legislative Assembly

വനിതാ സഹകരണ സംഘങ്ങൾ

139 [3148] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലാകമാനം വലുതും ചെറുതുമായ എത്ര വനിതാ സഹകരണ സംഘങ്ങളാണുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വനിതാ സഹകരണ സംഘങ്ങൾക്ക് ഇപ്പോൾ ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും കേന്ദ്ര സംഘങ്ങൾ നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും വനിതാ സഹകരണ സംഘങ്ങളുടെ കേന്ദ്ര സംഘങ്ങൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിലാകമാനം വലുതും ചെറുതുമായി 807 വനിതാ സഹകരണ സംഘങ്ങളുണ്ട്.

(ബി ആന്റ് സി) കോഴിക്കോട്, കാസർഗോഡ്, കണ്ണൂർ, മലപ്പുറം എന്നീ ജില്ലകളിൽ 4 ജില്ലാതല വനിതാ സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ നാല് ജില്ലാതല സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഏകോപിപ്പിച്ച് കോഴിക്കോട് ആസ്ഥാനമാക്കി കേരള റെഡിമെയ്ഡ് ഗാർമെന്റ്സ് സെൻട്രൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് എന്ന പേരിൽ ഒരു കേന്ദ്രസംഘവും രൂപീകരിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. സംസ്ഥാന തലത്തിൽ കേരള വനിതാ സഹകരണ ഫെഡറേഷൻ തിരുവനന്തപുരത്തും പ്രവർത്തിച്ചുവരുന്നു.

ലോക്കറിൽ സൂക്ഷിച്ചിരുന്ന ബാലറ്റുപേപ്പർ കത്തിച്ചുകളഞ്ഞ സംഭവം

140 [3159] ശ്രീ. എം. എ. ചന്ദ്രശേഖരൻ:
,, ഡി. സുഗതൻ:
,, അടൂർ പ്രകാശ്:
,, ടി. എൻ. പ്രതാപൻ:
,, കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീണ്ടും വോട്ടെണ്ണണമെന്ന ഉത്തരവ് നിലനിൽക്കെ ലോക്കറിൽ സൂക്ഷിച്ചിരുന്ന ബാലറ്റുപേപ്പർ, കത്തിച്ചുകളഞ്ഞ സംഭവം, ഏതെങ്കിലും സഹകരണബാങ്ക് തെരഞ്ഞെടുപ്പിന്റെ ഫലപ്രഖ്യാപനത്തോടനുബന്ധിച്ചുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എവിടെയാണ് സംഭവം ഉണ്ടായത്;

(ബി) ഇപ്രകാരം ബാലറ്റുപേപ്പർ കത്തിച്ചുകളഞ്ഞതാരെല്ലാമാണ്;

(സി) ബാങ്ക് ലോക്കറിൽ സൂക്ഷിച്ചിരുന്ന ബാലറ്റ് പേപ്പർ പുറത്തെടുത്ത് കത്തിക്കുന്നതിന് ലോക്കറിന്റെ താക്കോൽ ലഭ്യമായതെപ്രകാരമാണ്?

(ഡി) ബാങ്ക് കയ്യേറിയപ്പോൾ വിവരം പോലീസിനെ അറിയിച്ചിരുന്നുവോ; എങ്കിൽ പോലീസ് സ്ഥലത്തെ സംഭവം തടയുവാൻ ശ്രമിച്ചോയെന്ന് വെളിപ്പെടുത്തുമോ?